# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3218    11-05-2017-ലെ മറുപടിക്ക്

**ചോദ്യം** | **ഉത്തരം**

ശ്രീ.അടൂർ പ്രകാശ്
ശ്രീ.സണ്ണി ജോസഫ്
ശ്രീ.പി.ടി. തോമസ്
ശ്രീ.കെ.എസ്. ശബരീനാഥൻ

ഡോ.ടി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>രൂക്ഷമായ കറൻസി ക്ഷാമം</u>**

| | | |
|---|---|---|
| (എ) | 2017 മാർച്ച് മാസത്തെ ശമ്പളവും ഏപ്രിൽ മാസത്തെ പെൻഷനും കൃത്യസമയത്ത് വിതരണം ചെയ്യുവാൻ കഴിയാതെ വന്നിട്ടുണ്ടോ ; എങ്കിൽ കാരണമെന്താണ് ; | 2017 മാർച്ച് മാസത്തെ ശമ്പളവും ഏപ്രിൽ മാസത്തെ പെൻഷനും ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ കൃത്യമായി വരവ് വച്ചിരുന്നു. ഏജൻസി ബാങ്കുകളിൽനിന്നും ആവശ്യത്തിന് ഇംപ്രസ്റ്റ് തുക ലഭിക്കാത്തതു കാരണം അവർ ആവശ്യപ്പെടുന്ന തുക ട്രഷറികളിൽനിന്നും കറൻസിയായി നൽകുവാൻ കഴിയാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. |
| (ബി) | എത്ര ട്രഷറികളിലാണ് ശമ്പളവും പെൻഷനും തടസ്സപ്പെട്ടത് ; | കേരളത്തിലെ 51 ട്രഷറികളിൽ ട്രഷറി ഇടപാടുകൾക്ക് കറൻസി ക്ഷാമം നേരിട്ടിട്ടുണ്ട്. |
| (സി) | നോട്ട് പിൻവലിക്കൽ കാലത്ത് പോലും അനുഭവപ്പെടാത്ത രൂക്ഷമായ കറൻസി ക്ഷാമത്തിലേയ്ക്ക് സംസ്ഥാനം നീങ്ങിയതിന്റെ ഉത്തരവാദിത്തം ആർക്കാണ് ; | നോട്ട് അസാധുവാക്കലിന്റെ ഫലമായ കറൻസി ക്ഷാമമാണ് ഇപ്പോഴും സംസ്ഥാനത്ത് നിലനിൽക്കുന്നത്. |
| (ഡി) | 2017 മാർച്ച് 31 ന് ട്രഷറിയിൽ മിച്ചമുണ്ടായിരുന്നത് എന്ത് തുകയാണ് ; | 2017 മാർച്ച് 31 ലെ ട്രഷറി മിച്ചം 1950.23 കോടി രൂപയായിരുന്നു. |

| | | |
|---|---|---|
| (ഇ) | ഏപ്രിൽമാസം സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പള പരിഷ്ക്കരണത്തിന്റെയും പെൻഷൻ പരിഷ്ക്കരണത്തിന്റെയും കുടിശ്ശികയായി എന്ത് തുക നൽകേണ്ടിവന്നു ; | ശമ്പള പരിഷ്ക്കരണത്തിന്റെ കുടിശ്ശികയായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 06-05-2017 വരെ 88,89,098 രൂപയും പെൻഷൻ പരിഷ്ക്കരണത്തിന്റെ കുടിശ്ശികയായി 15,89,62,894 രൂപയും വിതരണം ചെയ്തിട്ടുണ്ട്. |
| (എഫ്) | സംസ്ഥാന ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണത്തിന്റെ കുടിശ്ശിക പണമായി അനുവദിക്കാതിരുന്നത് എന്തുകൊണ്ടാണ് ; സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാലാണോ കുടിശ്ശിക പണമായി നൽകാതിരുന്നത് ; | നടപ്പ് സാമ്പത്തിക വർഷാരംഭത്തിൽ അതിരൂക്ഷമായ കറൻസി ദൗർലഭ്യമാണ് സംസ്ഥാനത്തും പൊതുവെ ട്രഷറികളിലും അനുഭവപ്പെട്ടത്. എന്നിരുന്നാലും ഇക്കാലയളവിൽതന്നെ വിഷുവിനോടനുബന്ധിച്ച് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശ്ശികസഹിതം വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചു. രൂക്ഷമായ കറൻസി ക്ഷാമവും സാമൂഹ്യസുരക്ഷാ പെൻഷനുകളുടെയും പെൻഷൻ പരിഷ്ക്കരണ കുടിശ്ശികയുടെയും വിതരണത്തിനാവശ്യമായ കറൻസിയുടെ തോതും പരിഗണിച്ചപ്പോൾ ശമ്പളപരിഷ്ക്കരണ കുടിശ്ശികയുടെ വിതരണം ഏപ്രിൽമാസത്തിൽ നടത്തുന്നത് അപ്രായോഗികമായിരുന്നു. അതിനാലാണ് ശമ്പള പരിഷ്ക്കരണ കുടിശ്ശിക പി.എഫിൽ ലയിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്. എന്നാൽ അപ്രകാരം പി.എഫിൽ ലയിപ്പിക്കുന്ന കുടിശ്ശിക ലോക്ക്-ഇൻ പിരീഡ് ഇല്ലാത്തതിനാൽ എപ്പോൾ വേണമെങ്കിലും ജീവനക്കാരന് പിൻവലിക്കാവുന്നതാണ്. |
| (ജി) | ഏപ്രിൽമാസത്തെ ശമ്പളം, പെൻഷൻ എന്നിവ നൽകുന്നതിന് വേണ്ടിയുള്ള തുക എപ്രകാരം സമാഹരിക്കുവാനാണ് ലക്ഷ്യമിടുന്നത് ? | കറൻസി ക്ഷാമം ഏപ്രിൽമാസത്തെ ശമ്പളം, പെൻഷൻ വിതരണത്തെ പ്രതികൂലമായി ബാധിച്ചുവെങ്കിലും സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലിലൂടെ മേൽ പ്രതിസന്ധി തരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**